**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാനും കൂടുതൽ ജനോപകാരപ്രദമാക്കാനും സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാനും കൂടുതൽ ജനോപകാരപ്രദമാക്കാനും ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:<br><br>കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 1602.41 കോടി രൂപയും, 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 735.19 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസും, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 38.44 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 67.76 കോടി രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ 34.24 കോടി രൂപയും, 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 27.03 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപെട്ട ബസുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. |

ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻ കൈയ്യെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായ 63 കോടി രൂപ വിനിയോഗിച്ച് 143 ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

BS 6 കാറ്റഗറിയിലുള്ള എ.സി. സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, എ.സി. സീറ്റർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ്, മിനി ബസ് എന്നിവ ഉപയോഗിച്ച് ദീർഘദൂര - അന്തർസംസ്ഥാന റൂട്ടുകളിലും ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ചും സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ, ഗ്രാമവണ്ടി, സമുദ്ര, നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ്, സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി., ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP), ഗരുഡ പ്രീമിയം എ.സി., എ.സി. സൂപ്പർ ഫാസ്റ്റ്, ഗരുഡ വോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ, എ.സി. സീറ്റർ, എ.സി സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, പ്രീമിയം സൂപ്പർ ഫാസ്റ്റ്, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ് എന്നീ പുതിയ തരം സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ പ്രതിദിനം ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 08.09.2025ൽ ടിക്കറ്റ് കളക്ഷനായി (ഓപ്പറേറ്റിംഗ് റവന്യൂ) ലഭിച്ച 10.19 കോടി രൂപ കെ.എസ്.ആർ.ടി.സി.യുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിദിന വരുമാനമാണ്.

ഓൺലൈൻ ടിക്കറ്റിംഗ്, ക്യാഷ്‌ലെസ് ടിക്കറ്റിംഗ്, സിംഗിൾ ഫെയർ ടിക്കറ്റിംഗ്, ലിങ്ക് ടിക്കറ്റിംഗ് സംവിധാനങ്ങൾ മികച്ച യാത്രാസൗകര്യവും ടിക്കറ്റിംഗിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി സേവനം സുതാര്യവും എളുപ്പവുമാക്കി മാറ്റി. ഇത്തരം സർവീസുകളും പദ്ധതികളും ആരംഭിച്ചതിലൂടെ പൊതുജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും അതുവഴി കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കോവിഡിന് മുമ്പ് 2019 വർഷത്തിൽ 38.56 രൂപ ഇ.പി.കെ.എം. എന്ന നിലയിൽ നിന്നും 2025 ആഗസ്റ്റ് മാസം വരെ ശരാശരി 49.58 രൂപയായി ഇ.പി.കെ.എം. വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 2022 മെയ് 1 മുതൽ ഭാഗമായി നിരക്ക് വർദ്ധിപ്പിച്ചതിനാൽ ഇ.പി.കെ.എം.-ൽ സ്വാഭാവിക വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തുടർന്ന് 2024 മുതൽ നടപ്പിലാക്കിയ മേൽ പദ്ധതികളുടെ ഭാഗമായി ഒരേ ടിക്കറ്റ് നിരക്കിൽ 2022 വർഷം 46.84 രൂപയിൽ നിന്ന് 2025 വർഷം 49.58 രൂപയായി ഇ.പി.കെ.എം. വർദ്ധിച്ചിട്ടുണ്ട്. പരമാവധി ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി പുനരവലോകനവും ചെയ്തു വരുന്നു. ബസ് സർവ്വീസ് നടത്തുന്നതിനുള്ള നേരിട്ടുള്ള പ്രവർത്തന ചെലവുകൾ ടിക്കറ്റ് വരുമാനത്തിൽ നിന്നും തന്നെ കണ്ടെത്തി ഓരോ യൂണിറ്റിനേയും ലാഭകേന്ദ്രം ആക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ ഭാഗമായി 2024 ജൂലൈ മാസം 52 യൂണിറ്റുകൾ മാത്രം ഓപ്പറേഷണൽ ടാർജറ്റ് നേടിയ സ്ഥാനത്ത് യൂണിറ്റ്തല ഏകോപനത്തിലൂടെയും യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിലൂടെയും 2025 ആഗസ്റ്റ് മാസത്തിൽ മുഴുവൻ യൂണിറ്റുകളും (93 യൂണിറ്റുകൾ) ഓപ്പറേഷണൽ ടാർജറ്റ് നേടുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽ മുടക്കില്ലാതെ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും തിരുവനന്തപുരം സിറ്റി, വികാസ്ഭവൻ, ചടയമംഗലം, കിളിമാനൂർ, ചേർത്തല, മൂന്നാർ, മൂവാറ്റുപുഴ, ചാലക്കുടി, കോഴിക്കോട്, നോർത്ത് പറവൂർ, മാവേലിക്കര, തൃശ്ശൂർ, ഗുരുവായൂർ, പൊൻകുന്നം, പെരുമ്പാവൂർ എന്നീ

കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഇന്ധന വിതരണ ഔട്ട്ലെറ്റുകളും ആലുവ, എറണാകുളം എന്നിവിടങ്ങളിൽ ലൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുരുവായൂർ യാത്രാഫ്യുവൽസ് ഔട്ട്ലെറ്റിൽ ഒരു സി.എൻ.ജി. സ്റ്റേഷനും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. യാത്രാഫ്യുവൽസ് ഔട്ട്ലെറ്റുകൾ മുഖേന കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർധിപ്പിക്കുന്നതിനും ഔട്ട്ലെറ്റുകൾ 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിനാൽ കൂടുതൽ ജനോപകാരപ്രദമാക്കാനും സാധിച്ചിട്ടുണ്ട്. കൂടാതെ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ.
2. ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം.
3. ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.
4. സ്മാർട്ട് ട്രാവൽ കാർഡ്.
5. ഇ-ഓഫീസ്.
6. റെന്റൽ മാനേജ്മെന്റ് സിസ്റ്റം.
7. സിസിടിവിയും ബ്ലിങ്കർ ലൈറ്റ് നടപ്പാക്കലും.
8. ആധാർ അടിസ്ഥാനമാക്കിയുള്ള ഫെയ്സ് റെക്കഗ്നിഷൻ അറ്റൻഡൻസ് സിസ്റ്റം.
9. കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്.
10. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം (എം.എൽ.എ. ഫണ്ട് ഉപയോഗിച്ച്)
11. കസ്റ്റമർ കെയർ പോർട്ടൽ.
12. ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം.
13. ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം.

<u>ഡ്രൈവിംഗ് സ്കൂൾ</u>

കെ.എസ്.ആർ.ടി.സി.യിലെ ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ. പൊതുജനങ്ങൾക്ക് കാര്യക്ഷമവും മെച്ചപ്പെട്ടതുമായ ഡ്രൈവിംഗ് പരിശീലനം കുറഞ്ഞ ചെലവിൽ നൽകുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത്.18 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 4 ഡ്രൈവിംഗ് സ്കൂളുകൾ കൂടി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം</u>

പൊതുജനങ്ങൾക്ക് ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ഡ്രൈവിംഗ് പരിശീലനം നേടുന്നതിനും കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട് ടി സംവിധാനം നടപ്പിലാക്കിയത് വഴി ഓൺലൈൻ രജിസ്ട്രേഷൻ, ഫീസ് അടയ്ക്കൽ, പഠനസാമഗ്രികളുടെ ഡൗൺലോഡ്, മോക്ക് ടെസ്റ്റ് സൗകര്യം, ബാക്ക്-എൻഡ് മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ ചെയ്യുവാൻ സാധിക്കും കൂടാതെ വെബ് ആപ്ലിക്കേഷനും നടപ്പിലാക്കിയിട്ടുണ്ട്.

2024-25, 2025-26 എന്നീ കാലയളവിൽ സർക്കാർ അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് കാലപഴക്കം ചെന്ന ബസ്സുകൾക്ക് പകരം കൂടുതൽ യാത്രാ സൗകര്യങ്ങൾ ഉള്ള 269 എണ്ണം ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകി. ആയതിൽ 134 ബസുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. 85 ബസ്സുകൾ നടപടികൾ പൂർത്തിയാക്കി സർവ്വീസിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ബസുകൾ ഉടൻ ലഭ്യമാക്കി സർവ്വീസിന് നൽകുന്നതാണ്.

വിനോദ സഞ്ചാരികളുടെ ആവശ്യത്തിലേയ്ക്കായി ഒരു ഡബിൾ ഡക്കർ ബസ് പരിവർത്തനം നടത്തി മൂന്നാറിൽ സർവ്വീസ് നടത്തുന്നതിന് സജ്ജമാക്കി നൽകിയിട്ടുണ്ട്. ഉടൻ തന്നെ രണ്ടാമത്തെ ഡബിൾ ഡക്കർ ബസ് പരിവർത്തനം പൂർത്തീകരിച്ച് വിനോദ സഞ്ചാരികളുടെ ആവശ്യാർത്ഥം സർവ്വീസ് നടത്തുന്നതിന് നിരത്തിലിറക്കുന്നതാണ്.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information system, Public Announcement System, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തുന്നതിനും പൂവാർ, കൊല്ലം, എറണാകുളം, പെരിന്തൽമണ്ണ, മൂന്നാർ എന്നീ ഡിപ്പോകളിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ റിസോർട്ട്, വാണിജ്യ സമുച്ചയങ്ങൾ തുടങ്ങിയവയുടെ

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനും നടത്തിപ്പിനും സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിയിലൂടെ നൽകുന്നതിന് സർക്കാർ / സർക്കാർ അംഗീകൃത ഏജൻസിയെ നിയോഗിക്കുന്നതിന് ഭരണസമിതി തീരുമാനം ആയിട്ടുണ്ട്.<br><br>പ്രധാന ബസ് സ്റ്റേഷനുകളിലെ ബസ് ബേകളിൽ ബസുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും വിവരങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ Standy Model Digital Signage System നടപ്പിലാക്കാൻ ധാരണ ആവുകയും ആയതിന്റെ ആദ്യ നടപടി എന്ന നിലയിൽ തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, അങ്കമാലി എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.<br><br>കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സർവീസ് ഓപ്പറേഷൻ കഴിഞ്ഞിട്ടുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി മൂന്നാർ ഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർദ്ധനവിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫുഡ് മാൾ പ്രവർത്തിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ